പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 119 — 01-12-2014-ലെ മറുപടിയ്ക്ക്

മദ്യവർജ്ജനത്തെ സംബന്ധിച്ച നിലപാട്

ചോദ്യം: — ഉത്തരം:

ശ്രീ. കെ.വി. വിജയദാസ് — ശ്രീ. കെ. ബാബു (മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ കേരള മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണി ചാരായ നിരോധനം കൊണ്ടുവന്നത് മദ്യ ഉപഭോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിനായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നാണല്ലോ കരുതിയിരുന്നത്. എന്നാൽ ആയത് പ്രായോഗികമായി വന്നില്ല. എന്നാൽ കേരളത്തിൽ മദ്യാസക്തിയും ഉപഭോഗവും കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല. ആയത് UDF-ന്റെ തെറ്റായ നയമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇപ്പോഴുള്ള UDF സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ), (ബി) & (സി) | സംസ്ഥാനത്തെ ബാറുകൾ മാത്രം നിരോധിച്ചുകൊണ്ടുള്ള ഒരു മദ്യ നിരോധനമല്ല സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ നയത്തിലൂടെ ബാർ നിരോധനമാണോ അതോ മദ്യ നിരോധനമാണോ ഉദ്ദേശിച്ചിട്ടുള്ളത്; | | |
| (സി) | മദ്യവർജ്ജനത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ